മുൻസിഫ്-മജിസ്ട്രേട്ട് കോടതിയുടേത്. ഈ ലിസ്റ്റിലെ ആദ്യത്തെ രണ്ടു കോടതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

75 (701) തളിപ്പറമ്പിൽ പുതിയ ഫയർസ്റ്റേഷൻ

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തളിപ്പറമ്പിൽ പുതുതായി തുടങ്ങുവാൻ തീരുമാനിച്ച ഫയർ സ്റ്റേഷൻ എപ്പോൾ തുടങ്ങുവാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ;

(ബി) ഇതു തുടങ്ങുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താ ണെന്ന് വെളിപ്പടുത്തുമോ?

ഉത്തരം

(എ) തളിപ്പറമ്പിൽ ഫയർ സ്റ്റേഷനുവേണ്ടി പണിതുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ പണി പൂർത്തിയായാലുടൻ ഫയർ സ്റ്റേഷൻ തുറക്കുന്നതാണ്.

(ബി) കെട്ടിടംപണി പൂർത്തീകരിക്കുന്നതിന് വേണ്ടിവരുന്ന കാലതാമ സമാണ് കാരണം.

76 (702) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്ന ധനസഹായം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി. സർക്കാ രിന്റെ സാമൂഹ്യപ്രതിബദ്ധത ഏറ്റെടുത്ത് സർവ്വീസ് നടത്തുന്നതിന്റെ ഫല മായി എത്ര കോടി രൂപയാണ് പ്രതിവർഷം നഷ്ടം സഹിക്കുന്നത്;

(ബി) ഈ നഷ്ടം നികത്താൻ സർക്കാർതലത്തിൽ നടപടി സ്വീകരി ച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സൗജന്യ യാത്രാസൗകര്യംമൂലം നേരിടുന്ന നഷ്ടം നിക ത്താൻ ധനകാര്യ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) സർക്കാർ നിർദ്ദേശിക്കുന്ന പ്രത്യേക വിഭാഗങ്ങൾക്ക് യാത്രാ സൗജന്യവും, സൗജന്യ യാത്രയും അനുവദിക്കുന്നതുവഴി കെ.എസ്.ആർ.ടി. സി.ക്ക് പ്രതിവർഷം 29 കോടി 90 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടാകുന്നുണ്ട്. കൂടാതെ ലാഭകരമല്ലാത്ത റൂട്ടുകളിലും, സമയങ്ങളിലും സർവ്വീസ് നടത്തു വാൻ കെ.എസ്.ആർ.ടി.സി. നിർബന്ധമാക്കുന്നതുമൂലം പ്രതിവർഷം 63.15 കോടി രൂപയുടെ വരുമാന നഷ്ടവും ഉണ്ടാകുന്നു. ഇത്തരത്തിൽ സർക്കാ രിന്റെ സാമൂഹ്യ പ്രതിബദ്ധത കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുന്നതുമൂലം ഒരു വർഷം ആകെ 93.05 കോടി രൂപയുടെ വരുമാന നഷ്ടം കെ.എസ്.ആർ. ടി.സി.ക്ക് ഉണ്ടാകുന്നു.

(ബി) ഓരോ തരത്തിലുള്ള സൗജന്യം അനുവദിച്ചിട്ടുള്ളതുമൂലം ഉണ്ടാകുന്ന നഷ്ടം അതുമായി ബന്ധപ്പെട്ട സർക്കാർ ഡിപ്പാർട്ടുമെന്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.ക്ക് തിരിച്ചു നൽകണമെന്ന് കോർപ്പറേഷൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

(സി) ഇല്ല.

77 (703) വാഹനാപകടങ്ങൾ

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ വാഹന അപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(സി) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം (1.4.99 മുതൽ 17.6.99 വരെ) '7647' (ഏഴായിരത്തി അറുന്നൂറ്റി നാൽപ്പത്തിയേഴ് വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	-	685
കൊല്ലം	-	1223
പത്തനംതിട്ട	-	287
ആലപ്പുഴ	-	586
കോട്ടയം	-	488
ഇടുക്കി	-	209
എറണാകുളം	-	1229
തൃശ്ശൂർ	-	687
പാലക്കാട്	-	507
മലപ്പുറം	-	463
കോഴിക്കോട്	-	630
വയനാട്	-	157
കണ്ണൂർ	-	345
കാസർഗോഡ്	-	151

(ബി) ഈ വാഹന അപകടങ്ങളിൽ 644 (അറുന്നൂറ്റി നാൽപ്പത്തിനാല്) പേർ മരണപ്പെട്ടിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	-	61
കൊല്ലം	-	94
പത്തനംതിട്ട	-	25
ആലപ്പുഴ	-	43

LIBRARY ARCHIVES Kerala Legislative Assembly